## പാഠം 17

ഓഫീസുമായി ബന്ധപ്പെട്ടതാണ് നമ്മിൽ പലരുടെയും ഔദ്യോഗിക ജീവിതം. ഓഫീസ് എന്നാണല്ലോ നാം പറയാറുള്ളതും. അറബിയിൽ അത് **മക്തബ്** ആകുന്നു. അതായത് ഓഫീസിന് അറബിയിൽ മക്തബ് എന്നു പറയുന്നു. അതെഴുതുന്ന രീതി ശ്രദ്ധിക്കുക.
(ഓരോ അക്ഷരവും എഴുതുന്ന രീതി പാഠത്തിന്റെ അവസാനം ചേർത്തിട്ടുണ്ട്.)



| | | | | | |
|---|---|---|---|---|---|
| مَكْتَب | مَ كْ تَ بْ<br>മക്തബ് | بْ | تَ | كْ | مَ |
| എഴുതുന്ന രൂപം | ഓഫീസ് | ബ് | ത | ക് | മ |

ഈ വാക്ക് പല ആവർത്തി പറയുകയും എഴുതുകയും ചെയ്യുക. കാണാതെ എഴുതാൻ ശീലമായാൽ അടുത്ത വാക്ക് പഠിക്കുക.

---

ചെടികൾക്ക് മൊത്താത്തിൽ **നബ്ത്** എന്നാണ് അറബിയിൽ പറയുന്നത്. മലയാളത്തിൽ എല്ലാറ്റിനെയും സാമാന്യവൽകരിച്ചു പറയുമ്പോൾ ചെടി എന്നാണല്ലോ പറയുക. അതു തന്നെയാണ് എല്ലാ ഭാഷയുടെയും സ്ഥിതി. അറബിയിൽ നബ്ത് എന്ന് പൊതുവായി പറയുന്നു.



| | | | | |
|---|---|---|---|---|
| نَبْت | നബ്ത് نَ بْ تْ | تْ | بْ | نَ |
| എഴുതുന്ന രൂപം | ചെടി | ത് | ബ് | ന |

ഈ വാക്ക് പലതവണ എഴുതുക. കാണാതെ എഴുതാൻ ശീലമായാൽ അടുത്ത വാക്ക് പഠിക്കുക.

---

കടലാസ് എന്ന പറഞ്ഞാൽ നമുക്ക് എളുപ്പം മനസ്സിലാകും. അറബിയിൽ അതിന് സാധാരണയായി **വറഖ്** എന്നു പറയുന്നു. വറഖ് എന്നാൽ പേപ്പർ



| | | | | |
|---|---|---|---|---|
| وَرَق | വറഖ് وَ رَ قْ | قْ | رَ | وَ |
| എഴുതുന്ന രൂപം | കടലാസ് | ഖ് | റ | വ |

കാണാതെ എഴുതാൻ ശീലമായാൽ അടുത്ത വാക്ക് പഠിക്കുക.

---

വായു, കാറ്റ് എന്നിവക്ക് അറബിയിൽ **ഹവാ** എന്നു പറയുന്നു. രീഹ് എന്നും പറയാറുണ്ട്. പക്ഷേ, അത് കാറ്റിന് തനിച്ചാണ് പറയുന്നത്. വായു, കാറ്റ് എന്നിവയെ സാമാന്യവൽകരിച്ചു പറയുമ്പോൾ ഹവാ എന്നു പറയുന്നു. അവസാനത്തെ അ് എന്ന അക്ഷരം ഉച്ചാരണത്തിൽ വരില്ല.

| | | | | | |
|---|---|---|---|---|---|
| هَوَاء | هـَ وَا ءْ<br>ഹവാ | ءْ | ا | وَ | هـَ |
| എഴുതുന്ന രൂപം | വായു | അ് | ാ | വ | ഹ |

കാണാതെ എഴുതാൻ ശീലമായാൽ അടുത്ത വാക്ക് പഠിക്കുക.

---

യ എന്ന പദം കൂടിയുണ്ട് പരിചയപ്പെടുവാൻ. കൈക്ക് സാധാരണ അറബിയിൽ പറയുന്നത് **യദ്** എന്നാണ്. ഈ വാക്ക് ഹൃദിസ്തമാക്കി എഴുതുക.

| | | | | | |
|---|---|---|---|---|---|
| يَـدْ | യദ് يَ دْ | | | دْ | يَ |
| എഴുതുന്ന രൂപം | കൈ | | | ദ് | യ |

കൂട്ടിയെഴുതുന്ന രൂപം:

| | | |
|---|---|---|
| മക്തബ് | مَكْتَبْ | مَ كْ تَ بْ |
| നബ്ത് | نَبْتْ | نَ بْ تْ |
| വറഖ് | وَرَقْ | وَرَقْ |
| ഹവാ | هَـوَاءْ | هَـ وَ ا ءْ |
| യദ് | يَـدْ | يَ دْ |

അക്ഷരങ്ങൾ എഴുതുന്ന രീതി



**പരിശീലനം:**

1. താഴെ പറയുന്ന വാക്കുകൾ അറബിയിൽ കൂട്ടി എഴുതുക:
കതബ ബിൻത് വറഖ്

2. താഴെ എഴുതിയ വാക്ക് വായിച്ച് കൂട്ടിയെഴുതുക:

ك ت ب، ب ن ت ، و ر ق